MONDAY 01-08-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/08/2022.

1. ആറളം ഫാം സെൻട്രൽ നേഴ്സറിയിലും ഇരിട്ടിയിലുള്ള തണൽ മിനി സൂപ്പർ മാർക്കറ്റിലും കശുമാവിന്റ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ഓഗസ്റ്റ് 1 മുതൽ വിൽപന ആരംഭിക്കും. ധന, പ്രിയങ്ക, കനക, സുലഭ, വെങ്കർല 7 എന്നീ ഇനങ്ങൾ 50 രൂപ നിരക്കിൽ ലഭിയ്ക്കും. ആവശ്യക്കാർ **8281982312, 9447007402** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

2. നിറപുത്തരി വിളവെടുപ്പുത്സവത്തിന് ആവശ്യമായ നെൽക്കതിരുകൾ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കരമനയിലെ സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (IFSRS) ലഭ്യമാണ്. ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള നെൽക്കതിരുകൾക്ക് വിൽപന വില 100 രൂപ. ഈ കാലയളവിൽ ഗവേഷണ കേന്ദ്രത്തിൽ നിന്ന് കതിർക്കുലക്കെട്ടുകൾ (അയർ) വിൽപ്പനയ്ക്ക് ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2343586** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ നഴ്സറിയിൽ **മോഹിത് നഗർ ഇനത്തിൽപ്പെട്ട അടയ്ക്ക തൈകൾ** ഒരു തൈക്കു 35 രൂപ നിരക്കിലും വേര് പിടിപ്പിച്ച **പന്നിയൂർ-1 കുരുമുളക് തൈകൾ** ഒരു തൈക്കു 10 രൂപ നിരക്കിലും വിൽപനയ്ക്കു തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് വിൽപന വിഭാഗത്തിൽ നിന്ന് ഇവ വാങ്ങിയ്ക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **0487-2438622** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിൽ വിവിധയിനം തൈകളും അലങ്കാരചെടികളും വിൽപ്പനയ്ക്ക്. മുന്തിയ ഇനം **സുവാസിനി** ഇനത്തിൽപ്പെട്ട കറിവേപ്പ്, **പന്നിയൂർ കുരുമുളക്, ആന്തൂറിയം ചെറുത്** എന്നിവയുടെ തൈകൾ കൂടാതെ **കറിവേപ്പ്, വാരിഗേറ്റഡ് ബൊഗൈൻവില്ല, ഗോൾഡൻ പോത്തോസ്, അലോവെര റെഡ്** എന്നിവയുടെ ടിഷ്യുക്കൾച്ചർ തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 8086413467** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ക്യാറ്റിൽ ബ്രീഡിംഗ് ഫാം, തുമ്പൂർമുഴിയിൽ **റിസർച്ച് അസിസ്റ്റന്റ്** തസ്തികയിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിലവിലുള്ള ഒരൊഴിവിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. **BVSc & AH** ഓ **MVSc** യോ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് എന്നിവ സഹിതം **ആഗസ്റ്റ് 05** (05/08/2022) ന് മുമ്പായി cbft@kvasu.ac.in എന്ന ഇ-മെയിൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയുടേയും അവശ്യരേഖകളുടേയും ഹാർഡ്കോപ്പികൾ **ആഗസ്റ്റ് 06** (06/08/2022) ന് മുമ്പായി അസോസിയേറ്റ് പ്രൊഫസർ&ഹെഡ്, ക്യാറ്റിൽ ബ്രീഡിംഗ് ഫാം, തുമ്പൂർമുഴി, കൊന്നക്കുഴി പി.ഒ, ചാലക്കുടി, പിൻ : 680721 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188006265** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങളെ 22 രൂപ നിരക്കിലും, പൂവൻകോഴിക്കുഞ്ഞുങ്ങളെ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479–2452277** എന്ന ഫോൺ നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്

8. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് വേണ്ടി ഇറച്ചിക്കോഴികളെ വളർത്തി നൽകാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, കെപ്കോ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000922, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പച്ചക്കറി ജംബോ പെട്ടികൾ, വെജിറ്റബിൾ വല പെട്ടികൾ (നെറ്റ് ക്രേറ്റുകൾ), തുണി സഞ്ചി, ബില്ലിംഗ് കം വെയ്യിംഗ് മെഷീൻ തുടങ്ങിയവ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വിതരണക്കാർ/നിർമ്മാതാക്കൾ ആഗസ്റ്റ് 6-ന് (06/08/2022) വൈകുന്നേരം 5 മണിക്ക് മുമ്പായി സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം, പൂജപ്പുര, ഉദയഗിരിയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ഓഫീസുമായോ, **0471-2359651, 2359477** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക. www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

**പരിശീലന പരിപാടികൾ**

10. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തി വരുന്നു. ഒരു ദിവസം മുതൽ നാലു ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന ഫോൺ നമ്പരിൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകിട്ട് 5.30 നും ഇടയിൽ ബന്ധപ്പെടാവുന്നതാണ്.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

പയറിൽ കരിവള്ളി (ആന്ത്രാക്നോസ്) രോഗം വ്യാപകമായി കണ്ടു വരുന്നു. കായിലും തണ്ടിലും കറുത്ത നിറത്തിലുള്ള പുള്ളിക്കുത്തുകൾ കാണപ്പെടുന്നതാണ് രോഗ ലക്ഷണം. ഈ പുള്ളിക്കുത്തുകൾ ക്രമേണ ഇലകരിച്ചിലായി മാറുന്നു. കായ പിടിത്തം കുറയാനും ഈ രോഗം കാരണമാകുന്നു. രോഗം പ്രതിരോധിക്കുന്നതിനായി **സ്യൂഡോമോണാസ് 20 ഗ്രാം** ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച ഇടവേളകളിലായി തളിച്ച് കൊടുക്കുക. രോഗം ബാധിച്ചവയിൽ **ബാവിസ്റ്റിൻ** 1 ഗ്രാം ഒരു ലിറ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വെള്ളത്തിൽ ചേർത്തോ അല്ലെങ്കിൽ **സാഫ്** 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തോ തളിച്ച് കൊടുത്ത് രോഗം നിയന്ത്രിക്കാവുന്നതാണ്.

12. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം **ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 2 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം **തയാമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ഇലതീനിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാനായി **ബിവേറിയ** എന്ന കുമിൾ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക

13. **ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രത നിർദേശങ്ങൾ**

- പന്നികൾക്ക് അറവുശാലകളിൽ നിന്നുള്ള മാലിന്യം, അടുക്കള വേസ്റ്റ്, മാംസം അടങ്ങിയവ ഹോട്ടൽ വേസ്റ്റ് എന്നിവ ഭക്ഷണമായി നൽകുന്നത് ഒഴിവാക്കുക. സസ്യഭോജനമാണെങ്കിലും 20 മിനിറ്റ് നേരം വേവിച്ച് മാത്രം ഹോട്ടൽ വേസ്റ്റ് ഭക്ഷിക്കാനായി പന്നികൾക്ക് നൽകുക.
- പന്നിയിറച്ചിയും മറ്റ് പന്നിയുത്പന്നങ്ങളും ഫാമിലേക്ക് കൊണ്ടുവരുന്നതും ഫാമിൽ നിന്ന് പുറത്തേക്ക് കൊണ്ടുപോകുന്നതും ഒഴിവാക്കുക.
- പന്നിഫാമിലേക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
- പന്നികളിൽ രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.
- പുതുതായി ഫാമിലേക്ക് പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് താൽക്കാലികമായി ഒഴിവാക്കുക.